"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരൂർ നഗരസഭയിലെ സീനിയർ ക്ളാർക്കായിരുന്ന ശ്രീ. പ്രമോദ്.കെ.(നിലവിൽ മുനിസിപ്പൽ സെക്രട്ടറി) ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2724/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

പരാമർശം:- സ.ഉ(സാധാ)നം. 733/2025/LSGD തീയതി 19.03.2025.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ എൽ.ഡി.സി/ബി.സി-തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. യു.വി.മധു എന്നവരുടെ അനധികൃത ഹാജരില്ലായ്മയിൽ തിരൂർ നഗരസഭയിലെ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ലാർക്കായിരുന്ന ശ്രീ. പ്രമോദ് കെ ഉൾപ്പടെയുള്ളവർ നടപടി സ്വീകരിച്ചില്ലെന്നാരോപിച്ചുകൊണ്ട് ടിയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിരുന്നു. ടിയാൾക്ക് നൽകിയ ചാർജ് മെമ്മോ, ആയതിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക, ആയതിൻമേൽ ലപ്പുറം ജില്ലാ ജോയിൻ്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ, ശ്രീ. യു.വി. മധു എന്നവരുടെ അനധികൃത ഹാജരില്ലായ്മയിൽ തിരൂർ നഗരസഭയിലെ ജി1 ക്ലാർക്കായിരുന്ന ശ്രീ.പ്രമോദ് കെ കൃത്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, പ്രസ്തുത വിഷയത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലാത്തതായും കണ്ട് ടിയാൾക്കെതിരെ ആരംഭിച്ചിരുന്ന അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി പരാമർശം പ്രകാരം ഉത്തരവായിരുന്നു. ടി സർക്കാർ ഉത്തരവലെ ഖണ്ഡിക 6 ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു--

'മേൽ സാഹചര്യത്തിൽ തിരൂർ നഗരസഭയിലെ സീനിയർ ക്ളാർക്കായിരുന്ന ശ്രീ.പ്രമോദ്.കെ.-യുടെ ഭാഗത്ത് നിന്നും ആരോപണവിഷയത്തിൽ വീഴ്ചയുണ്ടായിട്ടില്ലായെന്ന് കണ്ട് മേൽ വിഷയത്തിൽ ടിയാനെ പൂർണമായും കുറ്റവിമുക്തനാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു. '

2. പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. പ്രമോദ്.കെ., സീനിയർക്ലാർക്ക്, തിരൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 07-11-2025 17:11:12

സെക്ഷൻ ഓഫീസർ